REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 12-08-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തത്തിൽ തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങളുടെയും മൃതദേഹാവശിഷ്ടങ്ങളുടെയും DNA പരിശോധനാഫലങ്ങൾ കിട്ടിത്തുടങ്ങിയെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ്.
- ഉരുൾപൊട്ടലുണ്ടായ കോഴിക്കോട് വിലങ്ങാട് ശാസ്ത്രീയ പരിശോധനയ്ക്കായി വിദഗ്ധ സംഘം ഇന്നെത്തും.
- തമിഴ്നാട്ടിലെ തിരുവള്ളൂരിൽ വാഹനാപകടത്തിൽ അഞ്ച് എൻജിനീയറിംഗ് വിദ്യാർത്ഥികൾ മരിച്ചു.
- സംസ്ഥാനത്ത് വീണ്ടും മഴ കനക്കുന്നു. ഇന്ന് എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- ഇന്ന് അന്താരാഷ്ട്ര യുവജന ദിനം.
- ഒളിമ്പിക്സിന് പാരീസിൽ കൊടിയിറങ്ങി. മെഡൽപട്ടികയിൽ അമേരിക്ക ഒന്നാമത്.

## വാർത്തകൾ വിശദമായി

**വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരിൽ തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങളുടെയും മൃതദേഹാവശിഷ്ടങ്ങളുടെയും DNA പരിശോധനാഫലങ്ങൾ കിട്ടിത്തുടങ്ങിയെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ് അറിയിച്ചു.**

**വയനാട് ദുരന്തത്തിൽ കാണാതായവർക്കു വേണ്ടി മലപ്പുറം ജില്ലയിൽ ചാലിയാറിൽ ഇന്നും നാളെയും അഞ്ചിടങ്ങളിലായി വിശദമായ തെരച്ചിൽ നടത്തുമെന്നും മന്ത്രി കല്പറ്റയിൽ അറിയിച്ചു.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**......(വോയ്സ്).....**

**✪✪✪**

**ഏഴുമണിക്കു മുണ്ടേരി ഫാം മേഖലയിൽ തുടങ്ങുന്ന തെരച്ചിൽ ഉച്ചയ്ക്കു രണ്ടുമണിക്കു പരപ്പൻപാറയിൽ അവസാനിക്കും. NDRF, അഗ്നിരക്ഷാ സേന, സിവിൽ ഡിഫൻസ് സേന, പോലീസ്, വനംവകുപ്പ് എന്നിവ അടങ്ങുന്ന 60 അംഗ സംഘമായിരിക്കും ഈ പ്രദേശത്ത് തെരച്ചിൽ നടത്തുക. വൈദഗ്ധ്യം ആവശ്യമായതിനാൽ ചാലിയാർ പുഴയുടെ ഈ ഭാഗത്തെ തെരച്ചിലിന് സന്നദ്ധപ്രവർത്തകരെ അനുവദിക്കില്ല.**

**വനമേഖലയായ പാണൻകായത്തിൽ 10 സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ 50 അംഗ സംഘമായിരിക്കും തെരച്ചിൽ നടത്തുക. പാണൻകായ മുതൽ പൂക്കോട്ടു മനവരെയും പൂക്കോട്ടുമന മുതൽ ചാലിയാർ മുക്കുവരെയും 20 സന്നദ്ധപ്രവർത്തകരും 10 പോലീസുകാരും അടങ്ങുന്ന 30 അംഗസംഘങ്ങൾ തെരച്ചിൽ നടത്തും. ഇരുട്ടുകുത്തി മുതൽ കുമ്പളപ്പാറ വരെ സന്നദ്ധപ്രവർത്തകർ ഉൾപ്പെടുന്ന 40 അംഗ സംഘവും തെരച്ചിൽ നടത്തുമെന്ന് മന്ത്രി പറഞ്ഞു.**

**ക്യാമ്പിൽ കഴിയുന്നവരുടെ താൽക്കാലിക പുനരധിവാസത്തിനായി 253 വാടകവീടുകൾ കണ്ടെത്തിയുണ്ടെന്നും നൂറോളം വീടുകൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഏതു പഞ്ചായത്തിൽ താമസിക്കണമെന്നതു ക്യാമ്പിൽ കഴിയുന്നവർക്കു തെരഞ്ഞെടുക്കാം.**

**ഇന്നലെ നടന്ന തെരച്ചിലിൽ കാന്തൻപാറ വനത്തിനുള്ളിൽ നിന്നു മൂന്നു ശരീരഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും, പോസ്റ്റ്മോർട്ടത്തിനുശേഷമേ മനുഷ്യശരീരമാണോ എന്നു വ്യക്തമാകൂ എന്നും മുഹമ്മദ് റിയാസ് അറിയിച്ചു. അട്ടമലയിൽനിന്ന് അസ്ഥി കണ്ടെത്തിയിട്ടുണ്ട്. ഇതും മനുഷ്യന്റേതാണോ ഇപ്പോഴുണ്ടായ ദുരന്തത്തിന്റെ ഭാഗമാണോ എന്നു പരിശോധിക്കും.**

**ഇതുവരെ കണ്ടെത്തിയ 229 മൃതദേഹങ്ങളിൽ 178 പേരെ തിരിച്ചറിഞ്ഞെന്നും, 51 പേരെ കൂടി തിരിച്ചറിയാനുണ്ടെന്നും ശരീരഭാഗങ്ങൾ തിരിച്ചറിയുന്നതിന് DNA പരിശോധന ഉടൻ പൂർത്തിയാകുമെന്നും മന്ത്രി പറഞ്ഞു.**

**✪✪✪**

**പ്രകൃതി ദുരന്തമുണ്ടായ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി നിവാസികളുടെ നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് മേപ്പാടി ഗവ. ഹൈസ്കൂൾ, സെന്റ് ജോസഫ് യു.പി സ്കൂൾ, മൗണ്ട് താബോർ ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഇന്ന് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കും. ജില്ലാ ഭരണ കൂടത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകൾ, ഐടി മിഷൻ, അക്ഷയ എന്നിവയെ**

ഏകോപിപ്പിച്ചാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ദുരന്തത്തിൽ രേഖകൾ നടഷ്ടപ്പെട്ടവർ ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു.

✪✪✪

വയനാട് ജില്ലയിൽ കാലവർഷക്കെടുതികളുടെ പശ്ചാത്തലത്തിൽ 15 ദുരിതാശ്വാസ ക്യാമ്പുകളിലായി 1,770 പേരാണ് കഴിയുന്നത്.

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഭാഗമായി 14 ക്യാമ്പുകളും കാലവർഷക്കെടുതിയുടെ ഭാഗമായി കടച്ചിക്കുന്ന് തേൻ സംഭരണ കേന്ദ്രത്തിൽ ആരംഭിച്ച ഒരു ക്യാമ്പുമാണ് നിലവിൽ ജില്ലയിലുള്ളത്.

✪✪✪

ഉരുൾപൊട്ടലുണ്ടായ കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ശാസ്ത്രീയ പരിശോധനക്കായി വിദഗ്ധ സംഘം ഇന്നെത്തും. ഉരുൾപൊട്ടലിന് നൂറിലേറെ പ്രഭവ കേന്ദ്രങ്ങളുണ്ടെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു.

ഉരുൾപൊട്ടി ഒരാൾ മരണപ്പെടുകയും കനത്ത നാശനഷ്ടം സംഭവിക്കുകയും ചെയ്ത വിലങ്ങാടിനായി സമഗ്രമായ പുനരധിവാസം ആസൂത്രണം ചെയ്ത് നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ സംബന്ധിച്ച് ജില്ലാ കലക്ടറുടെ വിശദമായ അന്തിമ റിപ്പോർട്ടിനായി കാക്കുകയാണെന്ന് ഓൺലൈൻ യോഗത്തിൽ മന്ത്രി K രാജൻ വ്യക്തമാക്കി. സംസ്ഥാന ദുരന്തനിവാരണ ഫണ്ടാണ് പ്രധാനമായും വിലങ്ങാടിനായി ഉദ്ദേശിക്കുന്നതെന്നും, എന്നാൽ അതിലുപരിയായി ഗൗരവമായി കാണേണ്ട വിഷയമാണിതെന്ന് മുഖ്യമന്ത്രിയെ ധരിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ദുരന്തബാധിതരെ സുരക്ഷിതമായ സ്ഥലത്ത് ടൗൺഷിപ്പ് മാതൃകയിൽ പുനരധിവസിപ്പിക്കാൻ കഴിയുന്ന മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് ഷാഫി പറമ്പിൽ M.P ആവശ്യപ്പെട്ടു.

വിലങ്ങാട്ടെ ഉരുൾപൊട്ടലിന് നൂറിലേറെ പ്രഭവ കേന്ദ്രങ്ങൾ ഉണ്ടെന്ന് ഡ്രോൺ പരിശോധനയിൽ കണ്ടെത്തിയതായി ഇ.കെ.വിജയൻ MLA അറിയിച്ചു. 14 വീടുകൾ പൂർണമായും ഒഴുകി പോയതായി വടകര RDO യും വിലങ്ങാട് ദുരന്തനിവാരണ നോഡൽ ഓഫീസറുമായ പി അൻവർ സാദത്ത് പറഞ്ഞു. ഇതുൾപ്പെടെ 112 വീടുകൾ വാസയോഗ്യമല്ല. താമസ യോഗ്യമല്ലാത്ത വീടുകളുടെ മുഴുവൻ കണക്കും പൂർത്തിയായിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

11 കോടി 85 ലക്ഷം രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ സംഭവിച്ചതായാണ് പ്രാഥമിക കണക്ക്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിലൂടെ ഈ മാസം 25ന്  ചിന്തകൾ ജനങ്ങളുമായി പങ്കുവെയ്ക്കും. മൻ കി ബാത്തിന്റെ 113-ാം എപ്പിസോഡാണിത്.

1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ജനങ്ങൾക്ക് മൻ കി ബാത്തിന് ആശയങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കാം. നരേന്ദ്ര മോദി ആപ്പ് വഴിയോ MyGov ഓപ്പൺ ഫോറം വഴിയോ ഓൺലൈനായും ആശയങ്ങൾ നിർദ്ദേശിക്കാം. ഈ മാസം 23 ആണ് ആശയങ്ങൾ സമർപ്പിക്കുന്നതിന് അവസാന തിയതി.

✪✪✪

ഹിൻഡൻബർഗിന്റേതു പോലെ തെറ്റായ റിപ്പോർട്ടുകളോട് പ്രതികരിക്കുന്നതിന് മുമ്പ് നിക്ഷേപകർ  ജാഗ്രത പാലിക്കണമെന്ന് സെബി നിർദ്ദേശിച്ചു.  ഹിൻഡൻബർഗ് റിസർച്ച് ഉന്നയിച്ച ആരോപണങ്ങൾ സെബി തള്ളിക്കളഞ്ഞു.  അദാനി ഗ്രൂപ്പിനെതിരെ ഹിൻഡൻബർഗ് റിസർച്ച് ഉന്നയിച്ച ആരോപണങ്ങൾ കൃത്യമായി അന്വേഷിച്ചിട്ടുണ്ടെന്നും സെബി അറിയിച്ചു. ഇന്ത്യയുടെ മൂലധന വിപണികളുടെ സമഗ്രതയും ക്രമാനുഗതമായ വളർച്ചയും വികസനവും ഉറപ്പാക്കാൻ  പ്രതിജ്ഞാബദ്ധരാണെന്നും സ്റ്റോക്ക് മാർക്കറ്റ് റെഗുലേറ്റർ പറഞ്ഞു.

✪✪✪

തമിഴ്നാട്ടിലെ തിരുവള്ളൂരിൽ ഇന്നലെ വൈകിട്ട് ഉണ്ടായ വാഹനാപകടത്തിൽ ചെന്നൈ SRM എഞ്ചിനീയറിംഗ് കോളേജിലെ അഞ്ച് വിദ്യാർത്ഥികൾ മരിച്ചു. രണ്ട് വിദ്യാർത്ഥികൾക്ക് ഗുരുതരമായി പരിക്കേറ്റു. ചെന്നൈ-തിരുപ്പതി ദേശീയപാതയിൽ ഇവർ സഞ്ചരിച്ചിരുന്ന കാറിൽ രാജസ്ഥാനിലേക്ക് പോകുകയായിരുന്ന ലോറി ഇടിച്ചാണ് അപകടമുണ്ടായത്.

ആന്ധ്രാപ്രദേശിലെ ഓംഗോൾ സ്വദേശികളായ  വിദ്യാർത്ഥികൾ, വാരാന്ത്യത്തിൽ നാട്ടിൽ പോയി ചെന്നൈയിലെ എൻജിനീയറിംഗ് കോളജിലേക്ക്  മടങ്ങുമ്പോഴായിരുന്നു അപകടം.

✪✪✪

മുൻ മന്ത്രി K കുട്ടി അഹമ്മദ് കുട്ടിയുടെ ഭൗതികദേഹം ഇന്നലെ രാത്രി താനൂർ വടക്കേ പള്ളി ജുമാ അത്ത് പള്ളി ഖബർസ്ഥാനിൽ ഔദ്യോഗിക ബഹുമതികളോടെ ഖബറടക്കി. ഉമ്മൻചാണ്ടി മന്ത്രിസഭയിൽ തദ്ദേശ ഭരണ മന്ത്രിയായിരുന്ന കുട്ടി അഹമ്മദ് കുട്ടിയുടെ അന്ത്യം ഇന്നലെ രാവിലെ താനൂരിലെ വീട്ടിലായിരുന്നു. മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായിരുന്ന അദ്ദേഹത്തിന് 71 വയസ്സായിരുന്നു.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചില സ്ഥലങ്ങളിൽ അടുത്ത രണ്ടു ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്കും ഒപ്പം 30 മുതൽ 50 വരെ കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ശക്തമായ മഴ കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ 35 മുതൽ 45 കിലോമീറ്റർ വരെയും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

ഇന്ന് അന്താരാഷ്ട്ര യുവജന ദിനം. യുവജനങ്ങളുടെ പ്രശ്നങ്ങൾ അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരാൻ ലക്ഷ്യമിട്ടാണ് എല്ലാ വർഷവും ആഗസ്റ്റ് 12 യുവജനദിനമായി ആചരിക്കുന്നത്. 'പുരോഗതിയിലേക്കുള്ള ക്ലിക്കുകൾ: സുസ്ഥിര വികസനത്തിനായുള്ള യുവജന ഡിജിറ്റൽ പാതകൾ ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

33-ാം ഒളിമ്പിക്സിന് പാരീസിൽ കൊടിയിറങ്ങി. സ്റ്റേഡ് ദെ ഫ്രാൻസ് സ്റ്റേഡിയത്തിൽ രണ്ടര മണിക്കൂർ നീണ്ട വർണ്ണാഭമായ സമാപനചടങ്ങുകളോടെയാണ് ഒളിമ്പിക്സിന് കൊടിയിറങ്ങിയത്. സമാപന മാർച്ച് പാസ്റ്റിൽ പി.ആർ ശ്രീജേഷും മനു ഭാക്കറും ഇന്ത്യൻ പതാകയേന്തി. ഒരു വെള്ളിയും അഞ്ച് വെങ്കലവും ഉൾപ്പെടെ 6 മെഡലുകൾ നേടിയ ഇന്ത്യ, മെഡൽ പട്ടികയിൽ 71-ാം സ്ഥാനത്താണ്.

ഡെസ്ക്ക് റിപ്പോർട്ട്..

....(വോയ്സ്)......

നാൽപ്പത് സ്വർണമുൾപ്പെടെ 126 മെഡലുകളുമായി അമേരിക്കയാണ് മെഡൽ പട്ടികയിൽ ഒന്നാമത്. നാൽപ്പത് സ്വർണമുൾപ്പെടെ 91 മെഡലുകളുമായി ചൈന രണ്ടാമതെത്തി. ജപ്പാൻ മൂന്നാം സ്ഥാനത്തും ഓസ്ട്രേലിയ 4-ാം സ്ഥാനത്തുമാണ്.

ഏറെ പ്രതീക്ഷകളുമായി പാരീസിലെത്തിയ ഇന്ത്യൻ ടീമിന് സ്വർണമൊന്നും നേടാനായില്ല. ഗുസ്തിയിൽ വിനേഷ് ഫോഗട്ടിന്റെ മെഡലിന്റെ കാര്യത്തിൽ ഇതുവരെ തീരുമാനം ആയിട്ടില്ല. മെഡൽ ലഭിക്കുകയാണെങ്കിൽ ടോക്യോ

ഒളിമ്പിക്സിലെ നേട്ടത്തിനൊപ്പം എത്താം. ഇപ്പോൾ 2012 ലണ്ടൻ ഒളിമ്പിക്സിൽ ലഭിച്ച ആറു മെഡലുകൾ എന്ന നേട്ടത്തിനൊപ്പമാണ് ഇന്ത്യയുള്ളത്.

നാലു വർഷങ്ങൾക്കു ശേഷം അമേരിക്കയിലെ ലോസ് ആഞ്ചൽസാണ് അടുത്ത ഒളിമ്പിക്സിന് വേദിയാകുക.

✪✪✪

പാരീസ് ഒളിമ്പിക്സിൽ എല്ലാ ഇന്ത്യൻ കായികതാരങ്ങളും ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ടെന്നും ഓരോ ഇന്ത്യക്കാരനും അവരെയോർത്ത് അഭിമാനിക്കുന്നുവെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യൻ സംഘത്തിന്റെ പരിശ്രമങ്ങളെ അഭിനന്ദിച്ച പ്രധാനമന്ത്രി അവർക്ക് ആശംസ നേർന്നു.

16 കായിക ഇനങ്ങളിലായി 117 ഇന്ത്യൻ അത്‌ലറ്റുകളാണ് ഇത്തവണ ഒളിമ്പിക്സിൽ പങ്കെടുത്തത്.

✪✪✪

ശബരിമലയിൽ നിറപുത്തരി പൂജ നടന്നു. കാർഷിക സമൃദ്ധിക്കും ഐശ്വര്യത്തിനുമായി അയ്യപ്പസ്വാമിക്കുമുന്നിൽ നെൽക്കതിരുകൾ പൂജിക്കുന്ന നിറപുത്തരി പൂജ പുലർച്ചെ 5.45നും 6.30നും ഇടയിലായിരുന്നു.

തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ മുഖ്യ കാർമ്മികത്വത്തിൽ നെൽകറ്റകൾ ശ്രീകോവിലിനുള്ളിൽ പൂജിച്ച് ശ്രീകോവിലിലും സോപാനത്തും കതിർകുല കെട്ടിയശേഷം, നെൽക്കതിരുകൾ തന്ത്രിയും മേൽശാന്തിയും ചേർന്ന് ഭക്തർക്ക് പ്രസാദമായി നൽകി. മഴയെപ്പോലും അവഗണിച്ച് വലിയ ഭക്തജനത്തിരക്കാണ് ഇന്നലെമുതൽ സന്നിധാനത്ത് .

പൂജകൾ പൂർത്തിയാക്കി രാത്രി പത്തിന് നട അടയ്ക്കും. ചിങ്ങമാസ ഓണ പൂജകൾക്കായി വെള്ളിയാഴ്ച വീണ്ടും നട തുറക്കും.

✪✪✪

വഖഫ് നിയമ ഭേദഗതി ബിൽ സംബന്ധിച്ച വിശദ ചർച്ചയ്ക്കായി സംസ്ഥാന വഖഫ് ബോർഡിന്റെ യോഗം ഇന്ന് കോഴിക്കോട് ഡിവിഷണൽ ഓഫീസിൽ ചേരും. വഖഫ് ബോർഡ് ചെയർമാൻ എം കെ സക്കീർ ഉൾപ്പടെ യോഗത്തിൽ സംബന്ധിക്കും.

✪✪✪

കണ്ണൂർ ചെമ്പേരി ലൂർദ്ദ് മാതാ ദേവാലയത്തെ ബസിലിക്കയായി ഉയർത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപ നവും സമർപ്പണവും മറ്റന്നനാൾ ഉച്ചകഴിഞ്ഞ് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ

തട്ടിൽ നിർവഹിക്കും. മേയ് 11-നാണ് ചെമ്പേരി ലൂർദ് മാത പള്ളിയെ ബസിലിക്കയായി ഉയർത്തി മാർപ്പാപ്പയുടെ പ്രഖ്യാപനം വന്നത്.

✪✪✪

കണ്ണൂർ മുഴപ്പിലങ്ങാടിന് സമീപം ആറുവരി ദേശീയപാത മുറിച്ചു കടക്കുന്നതിനിടെ യുവതി അമിത വേഗത്തിൽ വന്ന ജീപ്പിടിച്ചു മരിച്ചു. മരക്കാർ കണ്ടി സ്വദേശിനി ഷംന ഫൈഹാസ് ആണ് മരിച്ചത്. മാഹി ബൈപ്പാസ് അവസാനിക്കുന്നിടത്ത് ആണ് അപകടമുണ്ടായത്.

✪✪✪

ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ സുരക്ഷയെ കുറിച്ച് മൗനം പാലിക്കുന്ന കോൺഗ്രസ്സും CPIM ഉം ന്യൂനപക്ഷ താൽപര്യങ്ങളെ ഹനിക്കുന്നവരാണെന്ന് BJP സംസ്ഥാന വക്താവ് നാരായണൻ നമ്പൂതിരി അഭിപ്രായപ്പെട്ടു.

ന്യൂനപക്ഷ മോർച്ച വിശാല നേതൃയോഗം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഹർ ഘർ തിരംഗ അഭിയാന്റെ ഭാഗമായി യുവമോർച്ചയുടെ നേതൃത്വത്തിൽ കണ്ണൂരിൽ വിവിധ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ബൈക്ക് റാലി ആരംഭിച്ചു.

✪✪✪